# ചേകനൂരിസത്തിലെ നോമ്പ്..?

അബ്ദുല്‍ മാലിക് മൊറയൂര്‍

**വി**ശ്വാസികളുടെ മനം കുളിര്‍പ്പിക്കുന്ന മാസമാണ് റമദാന്‍. വ്രതത്തിലൂടെയും രാത്രിനമസ്കാരത്തിലൂടെയും അല്ലാഹുവിലേക്ക് കൂടുതല്‍ അടുക്കാന്‍ അവസരം ലഭിക്കുന്നതിനാല്‍ അവരുടെ മനോമുകുരത്തില്‍ ആവേശത്തിന്റെ തിരമാലകള്‍ അലയടിക്കുകയാണ്. അതേസമയം ഒരുമാസക്കാലത്തെ വ്രതമെന്നത് ഒരല്‍പം ബുദ്ധിമുട്ടുള്ള കാര്യമായതിനാല്‍ ചേകന്നൂര്‍ മതക്കാര്‍ക്കത് ദഹിക്കില്ല എന്നറിയാമല്ലോ. കാരണം ഇസ്‌ലാമിലെ ആരാധനകള്‍ കൃത്യമായി പാലിക്കാന്‍ മടിയുള്ള ചിലയാളുകള്‍ക്ക് ചെന്ന് കൂടാന്‍ വേണ്ടി പിശാച് നിര്‍മിച്ചുകൊടുത്ത ഒരു തൊഴുത്താണല്ലോ ചേകനൂരിസം. ഒരു ദിവസത്തെ നോമ്പ് എന്ന് കേള്‍ക്കുമ്പോഴേക്ക് തന്നെ തലകറക്കം പിടിപെടുന്ന ഇവര്‍ക്കുണ്ടോ ഒരു മാസത്തെ നോമ്പ് ദഹിക്കുന്നു. പക്ഷെ മാപ്പിള പേരിലറിയപ്പെടുന്ന ഇവര്‍ക്ക് ഞങ്ങള്‍ നോമ്പുനോല്‍ക്കില്ല എന്ന് പരസ്യമായി പറയാനൊരു മടി. എങ്കിലും പ്രയാസത്തില്‍ നിന്നും രക്ഷപ്പെടാന്‍ ചില ചെപ്പടി വിദ്യകള്‍ അവര്‍ പുറത്തെടുത്തു. നോമ്പ് നോല്‍ക്കാതിരിക്കാന്‍ ക്വുര്‍ആനില്‍ തന്നെ തെളിവുണ്ട് എന്നതായിരുന്നു അത്! കേട്ടപാതി കേള്‍ക്കാത്തപാതി വലിയ കോള് കിട്ടിയ രൂപത്തില്‍ ചേകനൂരികള്‍ അവരുടെ പ്രസിദ്ധീകരണങ്ങളില്‍ അതപ്പടി അവതരിപ്പിച്ചു. നോമ്പുമായി ബന്ധപ്പെട്ട് ചേകനൂരികള്‍ പറഞ്ഞുകൊണ്ടിരിക്കുന്ന പമ്പര വിഡ്ഢിത്തങ്ങളുടെ സാഗരത്തില്‍ നിന്ന് ചില കാര്യങ്ങള്‍ മാത്രം വായനക്കാരുടെ ശ്രദ്ധയില്‍കൊണ്ട് വരികയാണ്. ചേകനൂരികള്‍ അകപ്പെട്ട ഊരാക്കുടുക്കുകള്‍ നേരില്‍ കാണാനും, അല്ലാഹുവിന്റെ മതത്തില്‍ നിന്ന് ഇവരെത്ര ദൂരെയാണന്ന് ഗ്രഹിക്കാനും അതുപകരിക്കും.

നോമ്പില്‍ നിന്ന് രക്ഷപ്പെടാന്‍ ചേകനൂര്‍ മതക്കാര്‍ കണ്ടെത്തിയ ആദ്യ വിദ്യ, നോമ്പിന്റെ പ്രാധാന്യം തന്നെ കുറച്ചുകാണിക്കുക എന്നതായിരുന്നു. ഒരു പുരോഹിതന്‍ എഴുതുന്നു: ''ഇസ്‌ലാമിന്റെ ഏക പ്രമാണമായ വിശുദ്ധക്വുര്‍ആന്‍ വിശദീകരിച്ച പത്ത് ഇസ്‌ലാം കാര്യങ്ങളില്‍ വ്രതം ഒമ്പതാം സ്ഥാനത്ത് നില്‍ക്കുന്നു. ഇസ്‌ലാമിലെ ആരാധനാ കര്‍മ്മങ്ങളില്‍ ഒന്നും തന്നെ ഫര്‍ളാണെന്ന് ക്വുര്‍ആന്‍ പറഞ്ഞിട്ടില്ല. കേവലാരാധനകള്‍ കൊണ്ട് പാപങ്ങള്‍ പൊറുക്കപ്പെടുമെന്നോ മോക്ഷം ലഭിക്കുമെന്നോ സ്വര്‍ഗാവകാശിയാകുമെന്നോ ക്വുര്‍ആന്‍ പറഞ്ഞിട്ടില്ല. ഇസ്‌ലാം കാര്യങ്ങളില്‍ ഒമ്പതാം സ്ഥാനത്ത് നില്‍ക്കുന്ന നോമ്പിനെ കുറിച്ച് ക്വുര്‍ആനില്‍ യൊതൊരു തരത്തിലുള്ള സന്തോഷ വാര്‍ത്തയുമില്ല. ഒരുതരത്തിലുള്ള താക്കീതുകളുമില്ല.'' *(ഖുര്‍ആന്‍ ട്രൂത്ത് ദര്‍ശനം. 2007 സെപ്തംബര്‍: 25)*

കണ്ടില്ലേ! നോമ്പ് ഇസ്‌ലാം കാര്യങ്ങളില്‍ ഒമ്പതാം സ്ഥാനത്താണ്പോലും! നഊദുബില്ലാഹ്!! ഏതായത്തിലാണതുള്ളത്? ചേകനൂരികള്‍ കാണിക്കട്ടെ. മാത്രവുമല്ല നോമ്പടക്കമുള്ള ഒറ്റ ഇബാദത്തും ഫര്‍ളുമല്ലപോല്‍! വല്ലാത്തഗവേഷണം തന്നെ! ഇനി ഒരു മാസത്തെ വ്രതത്തെ വെട്ടിച്ചുരുക്കുന്നത് നോക്കൂ; ഒരു പുരോഹിതന്‍ എഴുതുന്നു: ''നോമ്പനുഷ്ടിക്കേണ്ടത് ആ മാസത്തിലെ (മാസം മുഴുവനുമല്ല) എണ്ണപ്പെടുന്ന ദിനങ്ങളിലാണ്. എണ്ണപ്പെടുന്ന ദിനങ്ങള്‍; ഒരാരാധനയായ ഹജ്ജിനെ കുറിച്ച് പറഞ്ഞ 2:203ല്‍ മൂന്ന് ദിവസമാണെന്ന കാര്യത്തില്‍ ആര്‍ക്കും അഭിപ്രായ ഭിന്നതയില്ല. എന്നാല്‍ മറ്റൊരു ആരാധനയായ നോമ്പിനെക്കുറിച്ച് പറഞ്ഞ എണ്ണപ്പെടുന്ന ദിനങ്ങളും മൂന്ന് തന്നെയായിരിക്കണമല്ലോ.'' *(ഖുര്‍ആന്‍ ദര്‍ശനം 2002. നമ്പര്‍. 3)*

മൂന്ന് തന്നെയായിരിക്കണമല്ലോ എന്ന് ചേകനൂരികൾ പറഞ്ഞാൽ മതിയാവില്ലല്ലോ. അല്ലാഹു പറയണ്ടേ? അല്ലാഹുവത് പറഞ്ഞിട്ടില്ല. മാത്രവുമല്ല, ആ മാസത്തിലെ എണ്ണപ്പെടുന്ന ദിനങ്ങൾ എന്നാണ് ക്വുർആനിലുള്ളത് എന്ന് ധ്വനിക്കുന്നത് ശുദ്ധ തട്ടിപ്പാണ്. ക്വുർആനിലങ്ങനെയില്ല. ഉണ്ടെങ്കിൽ ചേകനൂരികൾ കാണിക്കട്ടെ. ഹജ്ജിനെ കുറിച്ച് പറഞ്ഞ ''അയ്യാമൻ മഅ്ദൂദാത്ത്'' മൂന്ന് ദിവസമാണെന്നതിൽ അഭിപ്രായ വ്യത്യാസമില്ല എന്നയാൾ എഴുതി. അപ്രകാരം തന്നെയാണ് നോമ്പിനെക്കുറിച്ച് വന്ന അയ്യാമൻ മഅ്ദൂദാത്ത്'' ഒരു മാസമാണെന്ന കാര്യത്തിൽ ഒരഭിപ്രായവ്യത്യാസവും മുസ്ലിം ലോകത്തില്ല. ഇസ്ലാമിക വൃത്തത്തിനു പുറത്തുള്ളയാളുകൾ എന്തെങ്കിലും അഭിപ്രായപെട്ടാൽ അത് മുസ്ലിംകൾക്ക് ബാധകവുമല്ല. ഇനി ഹജ്ജിനെ കുറിച്ച് പറഞ്ഞതു തന്നെയാണ് നോമ്പിനെക്കുറിച്ചും നാംധരിക്കേണ്ടത് എന്ന് വന്നാൽ ഹജ്ജും നോമ്പും തമ്മിൽ യാതൊരു വ്യത്യാസവുമില്ല എന്നല്ലേ വരിക. അങ്ങനെയൊരു വാദം ചേകനൂരികൾക്കുണ്ടോ? ഉണ്ടെങ്കിൽ അത് തുറന്ന് പറയുക. മാത്രവുമല്ല ''ഫമൻ ശഹിദ മിൻകുമുശ്ശഹ്റ ഫൽ യസുംഹു'' എന്ന് കൃത്യമായിതന്നെ ക്വുർആൻ പറഞ്ഞതുമാണ്. ''ഫൽ യസുംഹു'' എന്നതിലെ ''ള്യമീറി''നെക്കുറിച്ച് ചേകനൂരികൾക്ക് തിരിയില്ലെങ്കിൽ അറിവുള്ളവരോട് ചോദിച്ച് പഠിക്ക്. അതല്ലാതെ ക്വുർആനിന്റെ പേരിൽ വിഢിത്തം പറയുകല്ല. നോമ്പിനെ കുറിച്ച് ഒരു പുരോഹിതന്റെ പച്ച നുണകൂടി കാണുക:

''അയ്യാമൻ മഅ്ദൂദാത്ത്'' ഒരുമാസമാണെന്ന് ഇന്നോളം എഴുതപ്പെട്ട ഒരു പരിഭാഷക്കാരനും പറഞ്ഞിട്ടില്ല എന്ന കാര്യം വളരെ അത്ഭുതാവഹമാണ്.'' *(ഖുർആൻ ട്രൂത്ത് ദർശനം: 2007 സെപ്: 27)*

വെള്ളം ചേരാത്ത ശുദ്ധമായ നുണയാണിത്. മലയാളത്തിൽ തന്നെ എഴുതപ്പെട്ട പരിഭാഷകളിലും വ്യാഖ്യാനങ്ങളിലും ആ കാര്യമുണ്ട്. ഇല്ല എന്ന് തെളിയിക്കാൻ ചേകനൂരികൾക്ക് തന്റേടമുണ്ടോ? എന്ത് നുണയെഴുതിവിട്ടാലും അതൊക്കെ തൊണ്ടതൊടാതെ വിഴുങ്ങി നടക്കുന്ന ചേകനൂരീകുഞ്ഞാടുകളുടെ കാര്യം മഹാഅൽഭുതം തന്നെ!

എന്നും ജോലിയുള്ളവനാണെങ്കിൽ അയാൾക്ക് നോമ്പ് തന്നെയില്ല എന്നതാണ് ചേകനൂരീ മതം! അവർ എഴുതുന്നു: ''ഓടിക്കൊണ്ടിരിക്കുന്ന വാഹനങ്ങളിൽ ജോലിചെയ്യുന്നവർ ആ ജോലിയിൽ നിന്ന് വിരമിക്കുമ്പോൾ ഉപവസിച്ചാൽ മതി. എന്നെന്നും ആ ജോലിയിൽ വ്യാപൃതനാണെങ്കിലോ? അവർ നോമ്പനുഷ്ടിക്കേണ്ടതേയില്ല.'' *(ഖുർആൻ ട്രൂത്ത് ദർശനം: 2007. സെപ്ത്: 27)*

എങ്ങനെയുണ്ട്? വല്ലാത്ത തൊഴിലാളീസ്നേഹം തന്നെ! ഏമാന്റെ മറ്റൊരു വെടികാണുക: ''പ്രസവിച്ച് കിടക്കുന്ന സ്ത്രീകളും ആർത്തവകാരികളും വ്രതമനുഷ്ടിക്കേണ്ടതില്ല. മറ്റു ദിനങ്ങളിൽ പകരം അനുഷ്ടിക്കേണ്ടതുമില്ല.'' *(അതേ മാസിക പേ: 28)*

പ്രസവിച്ച സ്ത്രീകളും ആർത്തവകാരികളും നോമ്പനുഷ്ടിക്കേണ്ടതില്ല എന്ന് ക്വുർആൻ കൊണ്ട് മാത്രം തെളിയിക്കാൻ ചേകനൂരികൾ ആയത്ത് കാണിക്കട്ടെ. മതത്തിന്റെ എല്ലാ കാര്യങ്ങളും ക്വുർആനിലുണ്ട് എന്നാണല്ലോ നിങ്ങളുടെ വാദം. എങ്കിൽ മേൽപറഞ്ഞതിന് ഒരായത്ത് ക്വുർആനിൽ കാണിക്കുക. യാത്രക്കാർക്കും രോഗികൾക്കും റമദാനിൽ നോമ്പെടുക്കാൻ സാധിച്ചില്ലെങ്കിൽ മറ്റു ദിനങ്ങളിൽ അവരത് നോറ്റ് വീട്ടണമെന്ന് ക്വുർആൻ പഠിപ്പിച്ച കാര്യമാണ്.'' *(2: 184,185)* എന്നാൽ യാത്രക്കാരന് നിരുപാധികം നോമ്പൊഴിവാക്കാമെന്നാണ് ചേകനൂരീ മതം. അല്ലങ്കിൽ അല്ലാഹുവിന്റെ മതത്തിലുള്ളതൊന്നും സ്വീകരിക്കാൻ ചേകനൂരീമതക്കാരെ കിട്ടില്ലല്ലോ. ചേകനൂർ എഴുതുന്നത് നോക്കൂ: ''വെറും യാത്രയുടെ പേരിൽ മാത്രം നിരുപാധികം നോമ്പൊഴിവാക്കാമെന്ന് ക്വുർആൻ പ്രഖ്യാപിക്കുമ്പോൾ പിന്നെ യാത്രയേക്കാൾ ത്യാഗം ചെയ്യേണ്ടിവരുന്ന ഏതുതരം തൊഴിലിന് വേണ്ടിയും നോമ്പൊഴിവാക്കാമെന്ന കാര്യത്തിൽ സംശയമില്ലല്ലോ.'' *(തറാവീഹും തഹജ്ജുദും നബിക്കുമാത്രം. പേ. 63)*

യാത്രയുടെ പേരിൽ നിരുപാധികം നോമ്പൊഴിവാക്കാമെന്ന് ക്വുർആനിലുണ്ടെന്ന് പറഞ്ഞത് അല്ലാഹുവിന്റെ പേരിലുള്ള കളവാണ്. അല്ലാഹു അങ്ങനെ പറഞ്ഞിട്ടില്ല. ''അല്ലാഹുവിന്റെ പേരിൽ കള്ളം പറയുന്നവനേക്കാൾ വഴിപിഴച്ചവൻ ആരുണ്ട്'' എന്ന് ക്വുർആനിൽ പത്ത് സ്ഥലങ്ങളിൽ

അല്ലാഹു ചോദിച്ചത് ചേകനൂരികൾ ഒന്നു ഓതുന്നത് നല്ലതാണ്. നോക്കൂ! അല്ലാഹു കൽപ്പിച്ച നോമ്പിൽ നിന്ന് രക്ഷപ്പെടാൻ അല്ലാഹുവിന്റെ പേരിൽ പോലും കള്ളം പറയാൻ യാതൊരു മടിയുമില്ലാത്തവരാണിവർ. വല്ലാത്ത തൊലിക്കട്ടി തന്നെ.

ഇസ്‌ലാമിലെ നോമ്പിനോട് ഇവർക്കുള്ള അരിശം എത്രയാണെന്ന് മനസ്സിലാക്കാൻ അവരുടെ ബഡാമൗലാനയുടെ ഈ വാക്കുകൾ തന്നെമതി. അയാൾ എഴുതുന്നു: ''സാക്ഷാൽ നാലാമത്തെ ഇസ്‌ലാം കാര്യമായി ഖുർആൻ പഠിപ്പിച്ച കരാർ പാലനത്തെ ഇസ്‌ലാം കാര്യങ്ങളിൽ നിന്ന് പറ്റെ പുറം തള്ളിയതും യാതൊരു പരോപകാരവുമില്ലാതെ നോമ്പിനെ തൽസ്ഥാനത്ത് പ്രതിഷ്ഠിക്കുക വഴി അതിന്നമിതമായ സ്ഥാനം കൽപ്പിച്ചതുമാണ് നമ്മുടെ സമുദായം ഇത്രയും അധഃപതിക്കാനുണ്ടായ പ്രധാന കാരണങ്ങളിലൊന്ന്.'' *(തറാവീഹും തഹജ്ജദും നബിക്കു മാത്രം. 64)* നോക്കൂ സമൂഹം കൃത്യമായി നോമ്പനുഷ്ഠിച്ചതാണത്രെ സമൂഹം പിന്നോക്കമാവാനും അധഃപതിക്കാനും കാരണം! വല്ലാത്ത ഗവേഷണം തന്നെ! ഇയാൾക്ക് ഇസ്‌ലാമിനോടുള്ള കൊടിയ ശത്രുതയുടെ ആഴം ഈ വരികളിൽ നിന്ന് വായനക്കാർക്ക് മനസ്സിലാക്കാം. സമൂഹത്തിന്റെ പിന്നോക്കാവസ്ഥക്ക് കാരണം അല്ലാഹു കൽപ്പിച്ച ആരാധനകൾ കൃത്യമായി അനുഷ്ഠിച്ചതല്ല. മറിച്ച് അക്കാര്യത്തിൽ അവർ വരുത്തിയ വീഴ്ചയും അതുപോലെത്തന്നെ സമൂഹത്തിന്റെ പേരിലറിയപ്പെടുന്ന തരംതാഴ്ന്ന പുരോഹിതരും അവരുടെ എട്ടുംപൊട്ടും തിരിയാത്ത ചേകനൂരികളെ പോലെയുള്ള അനുയായികളുമാണ്.

മുസ്‌ലിംകൾ ഏറെപ്രതീക്ഷയോടെ കാത്തിരിക്കുന്ന ആയിരം രാവിനേക്കാൾ മഹത്വമേറിയ ലൈലത്തുൽ ഖദ്റിനെ കുറിച്ചുമുണ്ട് ചേകന്നൂരിമതക്കരുടെ മരമണ്ടൻ ഗവേഷണങ്ങൾ. ഒരു പുരോഹിതന്റെ വാക്കുകൾ നോക്കൂ: ''ലൈലത്തുൽ ഖദ്റ് എല്ലാ വർഷവും ആവർത്തിക്കുന്നില്ല. ഖുർആന്റെ അവതരണം 23 സംവൽസരങ്ങളിലായി അപ്പപ്പോൾ അവതരിപ്പിച്ചതല്ല അതൊരറ്റ രാത്രി ഒന്നിച്ചവതരിപ്പിച്ചതാണ്''. *(ഖുർആൻ ട്രൂത്ത് ദർശനം. 2007 സെപ്തംബർ:28)*

ക്വുർആൻ ഒന്നാകെയാണോ അതല്ല അൽപാൽപമായാണോ അവതരിപ്പിച്ചത് എന്ന വിഷയത്തിൽ ചേകനൂരികൾക്കിടയിലുള്ള തമ്മിലടി ശേഷം നാം ചർച്ച ചെയ്യുന്നുണ്ട്. ക്വുർആന്റെ അവതരണം അവസാനിച്ചുവെന്നും അതേസമയം ലൈലത്തുൽ ഖദ്റ് ആവർത്തിക്കപ്പെട്ടുകൊണ്ടിരിക്കുമെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. കാരണം സൂറത്തുൽ ഖദ്റിൽ ക്വുർആന്റെ അവതരണത്തെകുറിച്ച് പറഞ്ഞപ്പോൾ 'അൻസൽനാ' എന്ന ഭൂതകാല ക്രിയയും ലൈലത്തുൽ ഖദ്റിനെ കുറിച്ച് പറഞ്ഞപ്പോൾ ''തനസ്സലുൽ മലാഇകത്തു''.... എന്ന് വർത്തമാന ക്രിയയിലും ആണ് ക്വുർആൻ പ്രയോഗിച്ചത്. ഇതിൽ നിന്നു തന്നെ ക്വുർആന്റെ അവതരണമവസാനിച്ചുവെങ്കിലും ലൈലത്തുൽ ഖദ്റ് ആവർത്തിക്കപ്പെടും എന്നത് വളരെ വ്യക്തമാണ്. മാത്രവുമല്ല മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം ലൈലത്തുൽ ഖദ്റിനെ റമദാനിലെ അവസാന രാവുകളിൽ പ്രതീക്ഷിക്കാൻ നബി(സ) പറഞ്ഞതായി നിരവധി ഹദീഥുകളും ഈ വിഷയത്തിൽ തെളിവാണ്. പക്ഷെ അല്ലാഹുവിന്റെ മതം സ്വീകരിക്കാൻ ചേകനൂരികളെ കിട്ടില്ലല്ലോ. ഒരു ചേകനൂരി തന്റെ മണ്ടത്തരം വിളമ്പുന്നത് നോക്കൂ: ''ഇറങ്ങിക്കൊണ്ടിരിക്കുക എന്ന് ഭൂതകാലസംഭവം വർത്തമാന ക്രിയയിൽ പ്രയോഗിച്ചത് കണ്ടപ്പോൾ നിർണ്ണായകരാവ് വർഷം തോറും ആവർത്തിച്ചു കൊണ്ടിരിക്കുമെന്ന് ഖുർആൻ വിരുദ്ധരായ അഹ്‌ലുൽ ഹദീഥുകാരും സുന്നത്ത് ജമാഅത്തുകാരും തെറ്റിദ്ധരിച്ചതാണ്. ഭൂതകാല സംഭവങ്ങൾ വർത്തമാനകാലക്രിയയിൽ പ്രയോഗിക്കുക എന്നത് വിശുദ്ധ ഖുർആന്റെ ഭാഷാശൈലിയാണ്. ഫറോവാ ഭരണകൂടം ഇസ്രാഈൽ സമൂഹത്തെ പീഡിപ്പിച്ചിരുന്നതിനെ കുറിച്ച് ഖുർആൻ ഇങ്ങനെ പറയുന്നു. ''അവർ നിങ്ങളെ നിഷ്ഠൂരമായി പീഡിപ്പിച്ചു കൊണ്ടിരിക്കുകയും അറുകാല ചെയ്തുകൊണ്ടിരിക്കുകയും നിങ്ങളുടെ സ്ത്രീകളെ ജീവിക്കാൻ വിടുകയും ചെയ്തുകൊണ്ടിരിക്കുന്നു: *(2: 49)* മേൽ സൂക്തത്തിലെ മൂന്ന് ക്രിയകളും വർത്തമാന കാല ക്രിയകളാണ്. എന്നു വെച്ചാൽ ആക്രിയകളൊന്നും ഇപ്പോൾ ആവർത്തിച്ചുകൊണ്ടിരിക്കുന്നില്ല. ഇബ്രാഹീമതാലൂത്‌നബിയുടെ ജനതയെ കുറിച്ച് നമ്മോട് തർക്കിച്ചുകൊണ്ടിരിക്കുന്നു. തർക്കിച്ച് കൊണ്ടിരിക്കുന്നു എന്നത് വർത്തമാന ക്രിയയാണ്. ഇപ്പോൾ ഇബ്രാഹിം തർക്കിച്ചു കൊണ്ടിരിക്കുന്നോ? ഇല്ല! അതേ പോലെ ലൈലത്തുൽ ഖദ്റും വർഷം തോറും ആവർത്തിച്ചുകൊണ്ടിരിക്കുന്നില്ല. മല

ക്കുകളിറങ്ങുന്നുമില്ല. ലൈലത്തുൽ ഖദ്റും കാത്ത് വൃഥാ ഉറക്കമൊഴിച്ച് ക്ഷീണിക്കേണ്ടതുമില്ല.'' *(ഖുർആൻ ട്രൂത്ത് ദർശനം 2007 സെപ്: 28,29)*

വിവരമില്ലായ്മയുടെ ഘോഷയാത്രയാണീ വരികളിൽ. ലൈലത്തുൽ ഖദ്റ് ആവർത്തിക്കുമെന്നതിന് തെളിവായി ''തനസ്സലുൽ മലാഇകത്തു.....'' എന്നത് വർത്തമാന ക്രിയയിലാണ് പ്രയോഗിക്കുന്നതെന്ന് നാം പറഞ്ഞപ്പോൾ ആശാന്റെ ഇമ്മിണ്ണി ബല്ല്യ കണ്ടുപിടിത്തമാണ് 2:49, 11:74 എന്നിവയാലും കഴിഞ്ഞു പോയ സംഭവത്തിന് വർത്തമാനക്രിയയല്ലേ പ്രയോഗിച്ചത് എന്ന്?! ഇവർക്ക് അറബി ഭാഷയുടെ അലിഫ് പോലും തിരിയില്ല എന്നതിന്ന് ഏറ്റവും വലിയ തെളിവാണിത്. ഇമ്മാതിരി അടവുകൾ ഒന്നും തിരിയാത്ത ചേകനൂരികളെ പറ്റിക്കാൻ കൊള്ളും എന്നല്ലാതെ മറ്റുള്ളവരുടെ മുമ്പിൽ വിലപോകില്ല. 2:49, 11:74 എന്നിവയിൽ വർത്തമാന ക്രിയകൾ അത് ''ഹാൽ'' ആണ് എന്നത് അറബി ഭാഷയിലെ പ്രാഥമികമായ നിയമമാണ്. അഥവാ 'നകിറ'ക്ക് ശേഷമുള്ള 'ജുംല' സ്വിഫത്തും 'മഅ്രിഫ'ക്ക് ശേഷമുള്ള ജുംല ഹാലു **(الجمل بعد النكرات صفات و بعد المعرفات أحوال)** മായിരിക്കും. അതാണ് 2:49ലും 11:74ലും ഉള്ളത്. എന്നാൽ ''തനസ്സലുൽ മലാഇകത്തു.....' എന്നേടത്ത് അത് 'ഹാൽ' അല്ല. ഇതൊന്നും തിരിയാതെയാണ് ഈ മുറി വൈദ്യന്മാർ ക്വുർആൻ കൊണ്ട് കളിക്കുന്നത്. അല്ലെങ്കിലും അലിഫും ബാഉം തിരിയാത്ത ചേകനൂരികൾക്കെന്ത് 'ഹാൽ'?! ഒരു സംഗതിയെ കുറിച്ചറിവില്ലെങ്കിൽ മിണ്ടാതിരിക്കുക. അതല്ലാതെ വിഢിത്തം വിളമ്പാൻ നടക്കരുത് എന്ന് ചേകനൂരി ഇടവകയിലെ പുരോഹിതരോട് ഒരിക്കൽ കൂടി ആവശ്യപ്പെടുകയാണ്.

ചുരുക്കത്തിൽ ഇവരുടെ നോമ്പെന്നു പറഞ്ഞാൽ ഏതെങ്കിലും മൂന്ന് ദിവസം പട്ടിണികിടന്ന് ബാക്കി ദിവസങ്ങളിൽ മൂക്കറ്റം വലിച്ചുകേറ്റുന്ന ഒരുശാപ്പാട് പദ്ധതിയാണ്. മാത്രവുമല്ല രാത്രിനമസ്കാരവും ലൈലത്തുൽ ഖദ്റുമൊന്നും ഇവർക്കുപറഞ്ഞതുമല്ലല്ലോ. ഇനി വല്ലവനും റമദാനല്ലേ എന്ന് കരുതി ക്വുർആൻ ഓതാൻ തുനിഞ്ഞാലോ? അയാളെയും ഇവർ വെറുതെ വിടില്ല. ക്വുർആനോത്ത് ഒരു വെറും പണിയാണെന്നാണിവർ എഴുതിവിട്ടത്. കാരണം ക്വുർആൻ ഓതുന്നത് കേൾക്കാൻ പിശാചിന് കഴിയില്ലല്ലോ. ഇവർക്കും അത് അരോചകമാണ്. ഒരു പുരോഹിതൻ പറയുന്നു:''റമളാനിലോ അല്ലാത്തപ്പോഴോ ഖുർആൻ പാരായണം ചെയ്താൽ ഒരുപുണ്യവും ലഭിക്കുമെന്ന് ഖുർആൻ പറഞ്ഞിട്ടില്ല. ഖുർആൻ ഈണത്തിൽ വായിക്കാനുള്ളതല്ല.'' *(ഖുർആൻ ട്രൂത്ത് ദർശനം: 2007 സെപ്: 29)*

ക്വുർആൻ ഓതാനറിയാത്ത ചേകനൂരികൾ ഓതാതിരിക്കുന്നതാണ് നല്ലത്. എന്നാൽ മുസ്ലിംകളെ സംബന്ധിച്ചടത്തോളം ക്വുർആൻ പാരായണം ശ്രേഷ്ഠകരമായ ഒരു സൽകർമ്മം തന്നെയാണ്. കാരണം ക്വുർആൻ പാരായണം ചെയ്യുന്നവരെ അല്ലാഹു ഏറെ പുകഴ്ത്തിപ്പറഞ്ഞതായി കാണാനാവും. *(ഉദാ: 2:121, 35:29)*. അല്ലാഹുവിന്റെ ഈ കൽപനകൾക്ക് വിരുദ്ധമായി ക്വുർആൻ പാരായണം ചെയ്യുന്നത് പോലും തടയാൻ ശ്രമിക്കുന്ന ഈ വർഗം അബൂലഹബിനേക്കാൾ വലിയ ഇസ്ലാം വിരോധികളല്ലേ?!